<u>അനുബന്ധം എച്ച് 4</u>

<u>നോട്ടീസ്</u>

പാമ്പാടി നിലയത്തിലെ ഫയർ ആൻറ് റെസ്ക്യൂ ഓഫീസർ നം.5835, ശ്രീ.ശരത്കുമാർ. എസ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോടു നിർദ്ദേശിച്ചു കൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റുമെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസ് 04/03/2025 തീയതിയിലെ RFOKTM/1301/2023-C1 നമ്പർ പ്രകാരം 13/03/2025 തീയതിയിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ “Addressee Left India” എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ ഈ ഓഫീസിലേക്ക് മടക്കി നൽകിയിരിക്കുന്നു. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ എതിർവാദപത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം നിങ്ങൾക്കു യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും, അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം ഫയർ ആന്റ് റെസ്ക്യൂ സർവീസ് കോട്ടയം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്.

റീജിയണൽ ഫയർ ഓഫീസർ
ഫയർ ആന്റ് റെസ്ക്യൂ സർവീസ്
കോട്ടയം

ശരത് കുമാർ എസ്
ഹർഷ ഭവൻ
പരിയാരം കുന്നിൽ
വെൺകോട്- പി ഓ
വട്ടപ്പാറ, തിരുവനന്തപുരം
**പിൻ- 695607. Ph-9946554320**
**Email- saratharchana85@gmail.com**

ഭരണഭാഷ - മാതൃഭാഷ

**RFOKTM/1301/2023-C1**

റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം,
ഫയർ ആന്റ് റെസ്ക്യു സർവീസ്
കോട്ടയം-**686001,**
ഫോൺ-**0481- 2567445,**
**Email: doktm.frs@kerala.gov.in,**

**04-03-2025**

## നോട്ടീസ്

വിഷയം- ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്, റീജിയണൽ ഓഫീസ്, കോട്ടയം- പാമ്പാടി നിലയത്തിലെ ഫയർ ആന്റ് റെസ്ക്യു ഓഫീസർ നമ്പർ **5835** ശ്രീ.ശരത്ത് കുമാർ എസ്.**(PEN No.431820)** അനധികൃതമായി ജോലിയിൽ നിന്നുംവിട്ടുനിൽക്കുന്നത് -ശിക്ഷാവിധി -കാരണം കാണിക്കൽ നോട്ടീസ് - സംബന്ധിച്ച്.

സൂചന- **1. 1960** ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ

**2.** സർക്കാർ ഉത്തരവ്(പി) നം.**02/99/**ഹോം തീയതി. **01/01/1999**

**3.**തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ **07.09.2023** ലെ കത്ത് നം.**D3-32160/2023/T**

**3.** കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **21.02.2025** ലെ കത്ത് നം. **DFOKTM/421/2024-A**

***************************************

പാമ്പാടി അഗ്നി രക്ഷാ നിലയത്തിലെ ഫയർ ആന്റ് റെസ്ക്യു ഓഫീസർ നമ്പർ **5835** ശ്രീ.ശരത്ത് കുമാർ എസ് **(PEN No.431820)** എന്ന താങ്കൾ ടി തസ്തികയിൽ ജോലി നോക്കി വരവെ **20.05.2023** മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്നു.

അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്നതിന്റെ കാരണം ബോധിപ്പിക്കുന്നതിനായി താങ്കൾക്കെതിരെയുള്ള ചാർജ്ജുകൾ

ഉൾപ്പെടുത്തി ഈ ഓഫീസിൽ നിന്നും നൽകിയ ചാർജ്ജ് മെമ്മോ താങ്കൾ കൈപ്പറ്റിയെങ്കിലും അതിന് താങ്കൾ പ്രതിവാദ പത്രിക സമർപ്പിക്കുകയോ എന്തെങ്കിലും വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് മുഖേന അന്വേഷിച്ചതിൽ താങ്കൾ വിദേശ രാജ്യമായ ഖത്തറിലേക്ക് പോയതായി സൂചന(3) പ്രകാരം അറിഞ്ഞു. അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട തസ്തികയിൽ ജോലിനോക്കിവരുന്ന ഒരു ജീവനക്കാരന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി ഇതിനെ കണ്ടതിനാൽ താങ്കൾക്കെതിരെയുള്ള ആരോപണങ്ങളിൽ ചട്ടപ്രകാരം അന്വേഷണം നടത്തുന്നതിന് കോട്ടയം ജില്ലാ ഫയർ ഓഫീസറെ ചുമതലപ്പെടുത്തുകയും അന്വേഷണ ഉദ്യോഗസ്ഥൻ സൂചന(4) അന്വേഷണ വിചാരണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

അന്വേഷണ ഉദ്യോഗസ്ഥനായ കോട്ടയം ജില്ലാ ഫയർ ഓഫീസർ അന്വേഷണ വിചാരണയ്ക്ക് ഹാജരാകുന്നതിന് താങ്കൾക്ക് രജിസ്ട്രേഡ് തപാലിൽ അയച്ച നോട്ടീസുകൾ താങ്കൾ കൈപ്പറ്റിയശേഷം അന്വേഷണത്തിൽ നിന്നും വിട്ട് നിന്നു. ആകയാൽ അന്വേഷണ ഉദ്യോഗസ്ഥൻ എക്സ്പാർട്ടിയായി ആണ് അന്വേഷണ വിചാരണ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. റിപ്പോർട്ടിൽ താങ്കൾക്കെതിരെയുള്ള ആരോപണങ്ങൾ സംശയാതീതമായി തെളിഞ്ഞിരിക്കുകയാണെന്ന നിഗമനത്തിലാണ് അന്വേഷണ ഉദ്യോഗസ്ഥൻ എത്തിച്ചേർന്നിരിക്കുന്നത്. റിപ്പോർട്ട് വിശദമായി പരിശോധിച്ചതിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് ഞാൻ പരിപൂർണമായി യോജിക്കുകയും ചെയ്യുന്നു. താങ്കൾ അവധി അപേക്ഷയോ ചികിത്സയിലാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നത് **1960** ലെ സർക്കാർ ജീവനക്കാരുടെ സ്വഭാവ ചട്ടങ്ങളിൽ ചട്ടം (3) ന്റെ പൂർണ്ണമായ ലംഘനവും ഗുരുതരമായ കൃത്യവിലോപവുമാണ്. അത് തെളിഞ്ഞിട്ടുള്ളതാണ്. അന്വേഷണ വിചാരണയിൽ പലവുരു താങ്കളുടെ ഭാഗം ന്യായീകരിക്കുന്നതിന് അവസരം നൽകിയെങ്കിലും താങ്കൾ അത് വിനിയോഗിച്ചിട്ടില്ലാത്തതാണ്.

പൊതുജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷകനാകുന്നതിന് സർക്കാർ ഖജനാവിലെ തുക ചെലവഴിച്ച് പരിശീലനം നൽകി സേനയിൽ നിയോഗിച്ചിരുന്ന താങ്കൾ ഉത്തരവാദിത്വം മറന്ന് അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്നതിൽ നിന്നും താങ്കൾക്ക് ഈ ജോലിയിൽ തുടരുവാൻ തീരെ താൽപര്യമില്ലാ എന്ന് ഞാൻ

മനസിലാക്കുന്നു. നിങ്ങൾക്കെതിരെ ഓഫീസിൽനിന്ന് സ്വീകരിച്ച ശിക്ഷണ നടപടികളുടെ ഭാഗമായി നിങ്ങൾക്കെതിരെ ആരോപിച്ചിരിക്കുന്ന കുറ്റങ്ങളെല്ലാം സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. സർക്കാർ സർവീസിലെ നിങ്ങളുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ സൂചന (2) ഉത്തരവ് പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് താങ്കൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന **20/05/2023 മുതൽ സർക്കാർ സേവനത്തിൽ നിന്ന് താങ്കളെ നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു**. എന്റെ ഈ താൽകാലിക തീരുമാനം നടപ്പിൽ വരുത്താതിരിക്കാൻ അതിനെതിരെ താങ്കൾക്ക് ഇനിയും എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ഈ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലം മറുപടി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. താങ്കളിൽ നിന്നും നിശ്ചിത പരിധിക്കുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഇനിയും ഒരു മുന്നറിയിപ്പില്ലാതെ എന്റെ ഈ സോപാധിക തീരുമാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

**To**

1.ശരത് കുമാർ എസ്
ഹർഷ ഭവൻ
പരിയാരം കുന്നിൽ
വെൺകോട്- പി ഓ
വട്ടപ്പാറ, തിരുവനന്തപുരം
പിൻ - 695607. Ph-9946554320
Email- saratharchana85@gmail.com

പകർപ്പ് :

1.ജില്ലാ ഫയർ ഓഫീസർ, ഫയർ ആൻറ് റെസ്ക്യൂ സർവ്വീസസ്, കോട്ടയം
2. സ്റ്റേഷൻ ഓഫീസർ, ഫയർ ആൻറ് റെസ്ക്യൂ സ്റ്റേഷൻ, പാമ്പാടി

പാമ്പാടി നിലയത്തിലെ **FRO 5835** ശ്രീ.ശരത്കുമാർ.എസിനെതിരായ വിശദമായ അന്വേഷണം നടത്തിയതിന്റെ നടപടിക്കുറിപ്പ് സംഗ്രഹം.

പാമ്പാടി നിലയത്തിലെ **FRO 5835** ശ്രീ.എസ് ശരത്കുമാർ **5** വർഷത്തെ ശൂന്യവേതന അവധിക്ക് ശേഷം **30.01.2023**-ന് **10** മണിക്ക് ഡ്യൂട്ടിയിൽ പ്രവേശിക്കുകയും **31.01.2023**-ൽ ഡ്യൂട്ടി റെസ്റ്റും **01.02.2023**-ൽ കാഷ്വൽ ലീവും എടുത്തുപോയ ടിയാൻ തുടർന്ന് അസുഖ അവധിയിൽ പ്രവേശിക്കുകയും **01.02.2023** മുതൽ **01.04.2023** വരെ കാലയളവിലേക്ക് **4** മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കുകയും തുടർന്ന് വീണ്ടും ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിൽക്കുകയും **19.05.2023**-ൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കി ഡ്യൂട്ടിയിൽ പ്രവേശിക്കുകയും **20.05.2023**-ൽ വിശ്രമത്തിനുപോയ ടിയാൻ പിന്നീട് **21.05.2023** മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തതിനെ തുടർന്ന് ടിയാനെ മെഡിക്കൽ ബോർഡിന് മുമ്പിൽ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ല. **01.02.2023** മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിൽക്കുന്നു. ഒരു അച്ചടക്ക സേനയിലെ അംഗമെന്ന നിലയിൽ തുടർന്നും മേൽതരത്തിൽ പ്രവർത്തിക്കുകവഴി ടിയാൻ ഗുരുതരകൃത്യവിലോപവും സർക്കാർ ജീവനക്കാരുടെ **1960**-ലെ സ്വഭാവച്ചട്ടങ്ങളുടെ ലംഘനം എന്നീ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ മനസ്സിലാക്കുന്നു.

ടിയാന് ചാർജ്ജ് മെമ്മോ നൽകുകയും അന്വേഷണത്തിന് ഹാജരാകുന്നതിനായി പലപ്രാവശ്യം നോട്ടീസ് നൽകിയിട്ടും അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകുകയോ വാദപ്രതിവാദങ്ങൾ നടത്തുകയോ ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ നിരാകരിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ **FRO 5835** ശ്രീ.ശരത്കുമാറിനെതിരെ അച്ചടക്കനടപടിക്രമംമാന്വൽ സെക്ഷൻ **12** ജി പ്രകാരം എക്സ് പാർട്ടി നടപടിക്രമം പൂർത്തീകരിച്ച് കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ പ്രകാരം തയ്യാറാക്കിയ റിപ്പോർട്ട്.

കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വൽ ഉപവാക്യം **11**എ, **12**, **12**എ, **53** എന്നിവയും **1960**-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം (3) കേരള സിവിൽ സർവ്വീസും (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ എന്നിവയും ഈ അന്വേഷണത്തിന് ആധാരമാക്കിയിട്ടുണ്ട്.

പ്രമാണങ്ങൾ

1. ബഹു.ഡയറക്ടർ ജനറലിന്റെ **13.07.2017** സർവ്വീസ് ഉത്തരവ് നം.**134/17**
2. ബഹു.റീജിയണൽ ഫയർ ഓഫീസർ കോട്ടയത്തിന്റെ **28.02.2022**-ലെ സർവ്വീസ് ഉത്തരവ് നം.**102/2022**
3. സർക്കാർ സർക്കുലർ നം.**83/2020**/ധന. തീയതി.**30.12.2020**
4. ബഹു.റീജിയണൽ ഫയർ ഓഫീസർ കോട്ടയത്തിന്റെ **24.11.2023**-ലെ ചാർജ്ജ് മെമ്മോ നം.**RFOKTM/1301/2023-C1**
5. ബഹു.റീജിയണൽ ഫയർ ഓഫീസർ കോട്ടയത്തിന്റെ **18.01.2024**-ലെ കത്ത് നം. **RFOKTM/1301/2023-C1**
6. പാമ്പാടി നിലയത്തലവന്റെ **28.03.2023**-ലെ കത്ത് നം.സി-**118/23-1**
7. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **04.05.2023**-ലെ കത്ത് നം.**DFOKTM/774/23-E-(1)**

8. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **04.05.2023**-ലെ കത്ത് നം.**DFOKTM/774/23-E-(2)**
9. പാമ്പാടി നിലയത്തലവന്റെ **15.05.2023**-ലെ കത്ത് നം.സി-**118/2023-(2)**
10. പാമ്പാടി നിലയത്തലവന്റെ **22.05.2023**-ലെ കത്ത് നം.സി-**251/2023**
11. പാമ്പാടി നിലയത്തലവന്റെ **22.05.2023**-ലെ കത്ത് നം.സി-**251/2023-(3)**
12. പാമ്പാടി നിലയത്തലവന്റെ **24.05.2023**-ലെ കത്ത് നം.സി-**251/2023-(1)**
13. പാമ്പാടി നിലയത്തലവന്റെ **26.05.2023**-ലെ കത്ത് നം.സി-**251/2023-(2)**
14. കോട്ടയം ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ **03.07.2023**-ലെ കത്ത് നം.**MRL/6357/23**
15. തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ **07.09.2023**-ലെ കത്ത് നം.ഡി3-**32160/2023**/റ്റി
16. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ഡിസ്ട്രിക്ട് സ്പെഷ്യൽ ബ്രാഞ്ച് തിരുവനന്തപുരം റൂറലിന്റെ **23.08.2023**-ലെ കത്ത് നം. **TR/728/GL/2023/SB**
17. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) കോട്ടയത്തിന്റെ **18.11.2023**-ലെ കത്ത് നം. **C6-16863/2023(5)**
18. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **28.02.2024**-ലെ കത്ത് നം.**DFOKTM/421/24-A**
19. പാമ്പാടി നിലയത്തലവന്റെ **26.05.2023**-ലെ കത്ത് നം.സി-**251/2023-2**
20. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **15.01.2025**-ലെ നോട്ടീസ്
21. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **30.01.2025** ലെ നോട്ടീസ്

<u>എതിർവാദ പ്രമാണങ്ങൾ</u>

**5** വർഷത്തെ ശൂന്യവേതന അവധിക്ക് ശേഷം **30.01.2023**-ന് പാമ്പാടി നിലയത്തിൽ ഡ്യൂട്ടിയിൽ പ്രവേശിച്ച ശ്രീ.ശരത്കുമാർ **01.02.2023** മുതൽ **01.04.2023** വരെ അസുഖാവധിയിൽ പ്രവേശിക്കുകയും **19.05.2023**-ൽ ഡ്യൂട്ടിയിൽ പ്രവേശിക്കുകയും **21.05.2023** മുതൽ കാരണം കൂടാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും അസുഖബാധിതനായ പിതാവിനെ ശുശ്രൂഷിക്കുന്നതിന് **3** മാസത്തെ **LWP** അനുവദിക്കണമെന്ന് കാണിച്ച് വെള്ള പേപ്പറിൽ അപേക്ഷ നിലയത്തിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ നിലയത്തലവൻ അപേക്ഷ നിരസിക്കുകയും , സ്പാർക്ക് വഴിയോ, അല്ലാത്ത പക്ഷം **KFF** ഫോറം **72**-ലോ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്യുന്നതിന് ടിയാന് അപേക്ഷ മടക്കി നൽകുകയും, അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടുനിൽക്കുന്നത് സർവ്വീസ് ചട്ടലംഘനമാണെന്ന് കാണിച്ച് കത്ത് നൽകുകയും ചെയ്തു. എന്നാൽ ടിയാൻ മറുപടിയോ, എതിർവാദ പ്രമാണങ്ങളോ, ഹാജരാക്കിയിട്ടില്ലാത്തതുമാകുന്നു.

<u>ചാർജ്ജുകൾ</u>

**1960**-ലെ സിവിൽ സർവ്വീസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങൾക്ക് കീഴിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷാ നടപടികൾ എടുക്കുവാതിരിക്കുവാൻ എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം റീജിയണൽ ഫയർ ഓഫീസറുടെ കത്ത് നം.**RFOKTM/1301/23-C1** തീയതി.**24.11.2023** പ്രകാരം ചാർജ്ജ്

മെമ്മോ ശ്രീ.എസ്.ശരത് കുമാറിന് നൽകുകയുണ്ടായി. പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് 7 ദിവസം സമയം അനുവദിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിങ്ങളുടെ പ്രതിവാദ പത്രിക ലഭിക്കുന്നില്ലായെങ്കിൽ നിങ്ങൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ല എന്ന അനുമാനത്തിൽ നടപടികൾ തുടരുന്നതാണെന്നും കൂടാതെ നിങ്ങളെ നേരിൽ കേൾക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ടി വിവരം കൂടി അറിയിച്ചാൽ ആയതിന് ആവശ്യമായ സൗകര്യം ലഭിക്കുന്നതാണെന്നുള്ള വിവരം കൂടി ചാർജ്ജ് മെമ്മോയിൽ അറിയിച്ചിട്ടുണ്ട്. ചാർജ്ജ് മെമ്മോയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചാർജ്ജുകൾ

1. അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുക വഴി ഡ്യൂട്ടിയിൽ ഗുരുതരമായ വീഴ്ച വരുത്തി.
2. സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ട ലംഘനം
3. കടുത്ത അച്ചടക്കലംഘനം ടിയാന് നൽകിയ ചാർജ്ജ് മെമ്മോയ്ക്ക് മറുപടി നാളിതുവരെ നൽകിയിട്ടില്ലാത്തതാണ്.
4. <u>യഥാർത്ഥത്തിൽ അന്വേഷണത്തിനു വിധേയമാക്കിയ ചാർജ്ജുകൾ</u>

   കുറ്റപത്രത്തിൽ ഉൾപ്പെടുത്തിയ 3 ചാർജ്ജുകളെക്കുറിച്ചും അന്വേഷണം നടത്തുകയുണ്ടായി.

5. <u>തെളിവിനുള്ള വസ്തുതകൾ</u>

   മേൽ വിഷയം സംബന്ധിച്ച് കോട്ടയം റീജിയണൽ ഫയർ ഓഫീസിൽ നിന്നും ലഭിച്ച രേഖകളും കോട്ടയം ജില്ലാ ഫയർ ഓഫീസുമായി ബന്ധപ്പെട്ട രേഖകളും, പാമ്പാടി നിലയത്തലവൻ നൽകിയ കത്തുകൾ എന്നിവയാണ് ഈ അന്വേഷണത്തിന് അടിസ്ഥാനമാക്കിയ രേഖകൾ

6. കോട്ടയം റീജിയണൽ ഫയർ ഓഫീസറുടെ 18.01.2024-ലെ കത്ത് നം.RFOKTM/1301/23-C1 –ലെ നിർദ്ദേശ പ്രകാരം ,ജില്ലാ ഫയർ ഓഫീസിലെ നോട്ടീസ് പ്രകാരം 24.01.2025, 25.01.2025, 07.02.2025 എന്നീ തീയതികളിൽ അന്വേഷണത്തിന്റെ ഭാഗമായി കോട്ടയം ജില്ലാ ഫയർ ഓഫീസിൽ ഹാജരാകുന്നതിന് ടിയാന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഈ 3 ദിവസങ്ങളിലും ടിയാൻ അന്വേഷണ ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരായില്ല. 2 പ്രാവശ്യം നോട്ടീസ് നൽകിയിട്ടും നോട്ടീസ് കൈപ്പറ്റിയതിനു ശേഷം അന്വേഷണത്തിനു ഹാജരാകാതിരിക്കുകയും ചെയ്തതിലൂടെ കടുത്ത അച്ചടക്ക ലംഘനം നടത്തിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ്. കൂടാതെ ടിയാൻ അന്വേഷണത്തോട് സഹകരിച്ചിട്ടില്ല.
7. <u>സ്വീകരിക്കപ്പെട്ട തെളിവുകൾ</u>

1. ബഹു.റീജിയണൽ ഫയർ ഓഫീസർ കോട്ടയത്തിന്റെ 24.11.2023-ലെ ചാർജ്ജ് മെമ്മോ നം.RFOKTM/1301/2023-C1
2. പാമ്പാടി നിലയത്തലവന്റെ 22.05.2023-ലെ കത്ത് നം.സി-251/2023-(3)
3. തിരുവനന്തപുരം (റൂറൽ )ജില്ലാ പോലീസ് മേധാവിയുടെ 07.09.2023-ലെ കത്ത് നം.ഡി3-32160/2023/റ്റി
4. പാമ്പാടി നിലയത്തലവന്റെ 24.05.2023-ലെ കത്ത് നം.സി-251/2023-(1)
5. പാമ്പാടി നിലയത്തലവന്റെ 26.05.2023-ലെ കത്ത് നം.സി-251/2023-(2)
6. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ 15.01.2025-ലെ നോട്ടീസ്

7. കോട്ടയം ജില്ലാ ഫയർ ഓഫീസറുടെ **30.01.2025**-ലെ നോട്ടീസ്

<u>കേസ് സംബന്ധിച്ച ചുരുക്ക പ്രസ്താവന</u>

പാമ്പാടി നിലയത്തിലെ **FRO 5835** ശ്രീ.എസ്.ശരത് കുമാർ അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ **01.02.2023** മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നു. ഒരു അച്ചടക്ക സേനയിലെ അംഗമെന്ന നിലയിൽ തുടർന്നും മേൽത്തരത്തിൽ പ്രവർത്തിക്കുക വഴി ടിയാൻ ഗുരുതരമായ അച്ചടക്ക ലംഘനവും, ഗുരുതരമായ കൃത്യവിലോപനവും സർക്കാർ ജീവനക്കാരുടെ **1960**-ലെ സ്വഭാവചട്ടങ്ങളുടെ ലംഘനം എന്നീ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ മനസ്സിലാക്കുന്നു.

<u>സ്വീകരിക്കപ്പെട്ട തെളിവുകൾ</u>

ക്രമ നം.**(1)** പ്രകാരം ബഹു.റീജിയണൽ ഫയർ ഓഫീസർ കോട്ടയം ചാർജ്ജ് മെമ്മോ നൽകിയെങ്കിലും ആയതിന്റെ മറുപടി നാളിതുവരെ നൽകിയിട്ടില്ല. സ്വീകരിക്കപ്പെട്ട തെളിവുകൾ സൂചന **(6) (7)** പ്രകാരം അന്വേഷണത്തിന് ഹാജരാക്കുന്നതിന് കോട്ടയം ജില്ലാ ഫയർ ഓഫീസർ **2** പ്രാവശ്യം കത്ത് നൽകിയിട്ടും ടിയാൻ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായിട്ടില്ല. **30.05.2023**-ന് ശേഷം നാളിതുവരെ ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റോ അവധി അപേക്ഷയോ നൽകിയിട്ടില്ല. **30.01.2023**-നു ശേഷം **19.05.2023**-ൽ മാത്രമാണ് ടിയാൻ ഡ്യൂട്ടിക്ക് ഹാജരായത്. പിന്നീട് നാളിതുവരെ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാതെ തുടരുകയും ചെയ്യുന്നു.

8. <u>എതിർവാദ സംക്ഷിപ്ത പ്രസ്താവന</u>

ശ്രീ.എസ്.ശരത് കുമാർ കോട്ടയം റീജിയണൽ ഫയർ ഓഫീസർ നൽകിയ ചാർജ്ജ് മെമ്മോ കൈപ്പറ്റിയെങ്കിലും ലിഖിതമായ പ്രതിവാദ പത്രിക നിശ്ചിത സമയപരിധിക്കുള്ളിലോ പിന്നീടോ സമർപ്പിച്ചിട്ടില്ലാത്തതാണ്. കൂടാതെ ടിയാനെ നേരിട്ട് കേൾക്കുന്നതിനും വിശദീകരണം നൽകുന്നതിനും അനുവദിച്ച അവസരങ്ങളിൽ ഒന്നും തന്നെ ഹാജരായിട്ടില്ലാത്തതും എതിർവാദം നൽകിയിട്ടില്ലാത്തതുമാണ്.

<u>തീർപ്പുകൽപ്പിക്കേണ്ട പോയിന്റുകൾ</u>

1. കേരളാ സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാന്വവൽ ഉപവാക്യം **53** വിശദീകരണ നടപടിക്രമം പ്രകാരം അവധി ഇല്ലാതെ ഓഫീസിൽ ഹാജരാകാതിരിക്കുക എന്ന കുറ്റം ടിയാൻ ചെയ്തിട്ടുണ്ടോ ?
2. മേൽ ഓഫീസർമാരുടെ നിർദ്ദേശങ്ങൾ പാലിക്കാതെയിരിക്കുക എന്ന കുറ്റം ടിയാൻ ചെയ്തിട്ടുണ്ടോ ?
3. ശ്രീ.എസ്.ശരത് കുമാറിന്റെ പെരുമാറ്റം സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനമായി കരുതാവുന്നതാണോ ?
4. ശ്രീ.ശരത് കുമാർ സർക്കാർ ജീവനക്കാർ പാലിക്കേണ്ട അച്ചടക്കം ലംഘിച്ച് കടുത്ത അച്ചടക്കലംഘനം എന്ന കുറ്റം ചെയ്തിട്ടുണ്ടോ ?

<u>തെളിവ് നിർണ്ണയം</u>

1. പാമ്പാടി നിലയത്തലവന്റെ കത്ത് നം.സി-**251-23-2** തീയതി **26.05.2023** പ്രകാരം ടിയാൻ **21.05.2023** മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നതായി ബോധ്യപ്പെട്ടു. കൂടാതെ ബഹു.തിരുവനന്തപുരം റൂറൽ

പോലീസ് ചീഫിന്റെ 07.09.2023-ലെ കത്ത് നം.ഡി3-32160/2023/റ്റി പ്രകാരം ടിയാൻ 21.05.2023-ൽ വീണ്ടും ജോലി സംബന്ധമായി ഖത്തറിലേക്ക് പോയതായി ബോദ്ധ്യപ്പെട്ടു. ആയതിനാൽ കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ ഉപവാക്യം 53 വിശദീകരിക്കുന്ന നടപടി ക്രമം പ്രകാരം അവധിയിൽ അല്ലാതെ ഡ്യൂട്ടിയിൽ ഹാജരാകാതിരിക്കുക എന്ന കുറ്റം ചെയ്തു.

2. കോട്ടയം റീജിയണൽ ഫയർ ഓഫീസിൽ നിന്നും അയച്ച ചാർജ്ജ് മെമ്മോ ടിയാൻ കൈപ്പറ്റിയിട്ടുണ്ട്. ടിയാൻ ചാർജ്ജ് മെമ്മോ കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആയതിന്റെ മറുപടി നൽകിയിട്ടില്ല. ഇതിൽ നിന്നും മേലാഫീസർമാരുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക എന്ന കുറ്റവും തെളിഞ്ഞിട്ടുണ്ട്.
3. ജില്ലാ ഫയർ ഓഫീസർ കോട്ടയം വിവിധ തീയതികളിൽ അന്വേഷണത്തിന് ഹാജരാകണമെന്ന നിർദ്ദേശം രേഖാമൂലം ശ്രീ.എസ്.ശരത് കുമാറിന് നൽകിയിട്ടും ടിയാൻ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരായില്ല. അന്വേഷണത്തിന് ഹാജരാകുന്നതിനായി അയച്ച കത്തുകൾ തെളിവായി ചേർത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് കടുത്ത അച്ചടക്ക ലംഘനത്തിന് തെളിവാണ് ചാർജ്ജ് മെമ്മോ നൽകി നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകാത്ത പക്ഷം വിശദീകരണം ഒന്നും നൽകാനില്ല എന്ന അനുമാനത്തിൽ നടപടി എടുക്കുമെന്ന് ടിയാൻ കൈപ്പറ്റിയ മെമ്മോയിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. യഥാവിധിയുള്ള നോട്ടീസ് നൽകിയതിനുശേഷവും അന്വേഷണ വിചാരണയിൽ പങ്കെടുക്കാതെ ഒഴിഞ്ഞുമാറുന്നതിനാൽ ശിക്ഷണ നടപടി തീർച്ചയായും എടുക്കേണ്ടതാണ്.
4. ടിയാൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതിനാൽ എക്സ് പാർട്ടിയായി നടപടി കൈക്കൊള്ളുന്നതിന് ദിനപത്രങ്ങളിൽ ടിയാന് നോട്ടീസ് പരസ്യപ്പെടുത്തേണ്ടതില്ലായെന്ന് കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ ഉപവാക്യം 53-ന്റെ 4-ാം ഖണ്ഡികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.
5. കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ ഉപവാക്യം 12-ന്റെ നാലാം ഖണ്ഡിക നിർദ്ദേശിക്കും പ്രകാരം എല്ലാ നോട്ടീസുകളും കുറ്റക്കാരനായ ഉദ്യോഗസ്ഥനെ അറിയിക്കുന്നതിന് അന്വേഷണ ഘട്ടത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷണ നടപടി മാനുവൽ ഉപവാക്യം 12 എയുടെ ഒന്നാം ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അന്വേഷണത്തിന്റെ നോട്ടീസുകൾ ടിയാന് നൽകിയിട്ടുണ്ട്.

12) <u>കണ്ടെത്തലുകൾ</u>

കുറ്റം – 1 അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നത് 1960-ലെ സർക്കാർ ജീവനക്കാരുടെ സ്വഭാവചട്ടങ്ങളിൽ ചട്ടം (3)-ന്റെ ആദ്യഭാഗത്തിന്റെ (പൂർണ്ണമായ ഉദ്ഗ്രഥനം ഉണ്ടായിരിക്കണം) ലംഘനവും ഗുരുതരമായ കൃത്യവിലോപവുമാണ്. ടിയാൻ അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നു എന്നുള്ളത് സ്വീകരിക്കപ്പെട്ട തെളിവുകൾ മുഖേന ബോദ്ധ്യപ്പെടുന്നു. മേൽ സാഹചര്യത്തിൽ ടിയാനെതിരായ ഒന്നാമത്തെ കുറ്റം – യഥാസമയം അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റോ ഹാജരാക്കാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുക എന്നത് തെളിയിക്കപ്പെട്ടു.

കുറ്റം – 2 അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നതിന്റെ

കാരണം ബോധിപ്പിക്കുന്നതിന് കോട്ടയം റീജിയണൽ ഫയർ ഓഫീസർ നൽകിയ ചാർജ്ജ് മെമ്മോയ്ക്ക് മറുപടി നൽകിയിട്ടില്ല. ഇത് മേലുദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക എന്ന ഗുരുതരമായ കുറ്റമാണ്. ആയതിനാൽ ടിയാനെതിരെ ആരോപിക്കപ്പെട്ട 2-ാമത്തെ കുറ്റം മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുക എന്നത് തെളിയിക്കപ്പെട്ടു.

കുറ്റം – 3 ശ്രീ.എസ്.ശരത് കുമാറിന് വിശദീകരണം നൽകുന്നതിന് നിരവധി അവസരങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ അതിന് യാതൊരുവിധ വിലയും കൽപ്പിച്ചിരുന്നില്ല. കൂടാതെ ചാർജ്ജ് മെമ്മോ കൈപ്പറ്റിയെങ്കിലും ആയതിന് മറുപടി നൽകാതിരുന്നത് മേലുദ്യോഗസ്ഥൻ നൽകിയ നിർദ്ദേശത്തെ ലംഘിച്ചു എന്നതാണ്. ഇത് കടുത്ത അച്ചടക്കലംഘനമാണ്. ആയതിനാൽ ടിയാനെതിരെ ആരോപിക്കപ്പെടുന്ന 3-ാമത്തെ കുറ്റം കടുത്ത അച്ചടക്കലംഘനം എന്നത് തെളിയിക്കപ്പെട്ടു.

1960-ലെ സർക്കാർ ജീവനക്കാരുടെ സ്വഭാവ ചട്ടങ്ങളിൽ ചട്ടം (3)-ൽ എല്ലാ ജീവനക്കാരും പൂർണ്ണമായ ഉദഗ്രഥനവും അർപ്പണ മനോഭാവവും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തുടർച്ചയായി അനധികൃതമായി ഡ്യൂട്ടിയിൽ നിന്ന് വിട്ട് നിന്ന് അച്ചടക്കലംഘനം നടത്തിവരുന്ന പാമ്പാടി നിലയത്തിലെ FRO 5835 ശ്രീ.ശരത് കുമാർ.എസ് ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുണ്ട്. കൂടാതെ അന്വേഷണത്തിന് ഹാജരാകുന്നതിനുള്ള നിർദ്ദേശങ്ങൾ ടിയാൻ പാലിച്ചിട്ടില്ലാത്തതുമാണ്. അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട ജീവനക്കാരന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപം ആയതിനാൽ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം അനുശാസിക്കും പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി സംശയാതീതമായി തെളിഞ്ഞിട്ടുള്ളതുമാണെന്ന വിവരം ബോധിപ്പിക്കുന്നു.

ജില്ലാ ഫയർ ഓഫീസർ

ഫയർ &റസ്ക്യൂ സർവ്വീസസ്

കോട്ടയം